പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം. 3594 | 20/06/2018 ൽ മറുപടി നല്കേണ്ടത്. |
|---|---|

**മൽസ്യങ്ങളിൽ മാരകമായ രാസപദാർത്ഥങ്ങൾ ചേർക്കുന്നതായുള്ള റിപ്പോർട്ടുകൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.പാറക്കൽ അബ്ദുല്ല** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് വിൽപ്പനയ്ക്കായി എത്തുന്ന മൽസ്യങ്ങളിൽ മാരകമായ രാസപദാർത്ഥങ്ങൾ ചേർക്കുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | മൽസ്യങ്ങളിലെ രാസപ്രയോഗം കണ്ടെത്തുന്നതിന് അവലംബിക്കുന്ന ശാസ്ത്രീയമാർഗ്ഗങ്ങളെന്തൊക്കെയാണെന്ന് വിശദമാക്കുമോ; | ബി) | മത്സ്യങ്ങൾ കേടാകാതിരിക്കുവാൻ വേണ്ടി ചേർക്കുന്ന രാസവസ്തുക്കളായ ഫോർമാലിൻ,അമോണിയ, സോഡിയം ബെൻസോയേറ്റ്, എന്നിവ കണ്ടുപിടിക്കുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കീഴിലുള്ള ലാബുകളിൽ ശാസ്ത്രീയമായി പരിശോധന നടത്തി വരുന്നു. ഇതിനുവേണ്ടി ഐ.എസ്, എ.ഒ.എ.സി എന്നീ ശാസ്ത്ര പുസ്തകങ്ങളിലുള്ള മാർഗ്ഗങ്ങളാണ് ലാബുകളിൽ ഉപയോഗിച്ചുവരുന്നത്. ഇതുകൂടാതെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി വികസിപ്പിച്ചെടുത്ത സ്ട്രിപ്പുകൾ ഉപയോഗിച്ച് ചെക്ക് പോസ്റ്റുകളിലും മത്സ്യമൊത്ത കച്ചവട ചന്തകളിലും പ്രാഥമിക പരിശോധനകൾ നടത്തിവരുകയും ചെയ്യുന്നുണ്ട്. ഇതിൽ രാസവസ്തുക്കൾ കണ്ടെത്തിയാൽ വിശദമായ തുടർ പരിശോധനകൾ നടത്തിവരുന്നുണ്ട്. |
| സി) | ഇത്തരം രാസപ്രയോഗം നടത്തുന്നവർക്കെതിരെ സ്വീകരിക്കാവുന്ന നടപടികളുടെ വിശദാംശങ്ങൾ നൽകുമോ; | സി) | മത്സ്യങ്ങളിൽ രാസപ്രയോഗം നടത്തിയെന്ന് ലാബുകളിൽ നിന്ന് റിപ്പോർട്ട് പ്രകാരം ബോധ്യപ്പെട്ടാൽ അവർക്കെതിരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാരനിയമ പ്രകാരം പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| ഡി) | അതിർത്തികളിലെ ചെക്ക് പോസ്റ്റുക ളിലും പ്രധാന വിപണന കേന്ദ്രങ്ങളിലും പരിശോധന നടത്തുന്നതിനും കുറ്റക്കാർ ക്കെതിരെ നടപടിയെടുക്കുന്നതിനും തയ്യാറാകുമോ? | ഡി) | അതിർത്തികളിലെ ചെക്ക് പോസ്ററുകളിലും പ്രധാന വിപണന കേന്ദ്രങ്ങളിലും പരിശോധന നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീക രിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ